
## കത്തുകൾ




# മാർക്സിസവും മുതലാളിത്ത ദുർഭൂതങ്ങളും

**മാർക്സിസ്റ്റ്** നേതാക്കളുടെ അഴിമതിക്കഥകളുടെ പണ്ടോറപ്പെട്ടി തകർത്ത് മുതലാളിത്ത ദുർഭൂതങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു. അലി ശരീഅത്തി പറഞ്ഞതുപോലെ, വെറുമൊരു മിഥ്യയാണ് കമ്യൂണിസം എന്നതിൽ സംശയമില്ല. കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ അപചയം ഏറെ പ്രതികൂലമായി ബാധിച്ചിരിക്കുന്നത് സാധാരണക്കാരെയാണ്. പ്രമാണിമാരുടെ താൽപര്യങ്ങൾ മാത്രം സംരക്ഷിക്കുന്ന, പൊതു ഖജനാവ് കൊള്ളയടിക്കുന്ന പാർട്ടികളുടെയും നേതാക്കളുടെയും അവിയൽ മുന്നണിയായിരുന്നു യു.ഡി.എഫ്. അവരുടെ ഭരണത്തെ താഴെയിറക്കാൻ സാധിച്ചതിൽ വോട്ടർമാർ ആശ്വാസം കൊണ്ടു. എന്നാൽ, വോട്ടർമാരുടെ എല്ലാ പ്രതീക്ഷകളും തകർക്കുന്ന അവിശ്വസനീയമായ അന്തർനാടകങ്ങളാണ് തുടക്കം മുതൽ ഇടതു ക്യാമ്പിൽ അരങ്ങേറിയത്. ടാറ്റയെപ്പോലുള്ള വമ്പന്മാരുടെ സേവകരായതാണ് സി.പി.ഐയെ വഷളാക്കിയതെങ്കിൽ, കോടികളുടെ കോഴകളും മാഫിയാബന്ധങ്ങളും നേതാക്കളുടെ സുഖലോലുപതയുമാണ് സി.പി.എമ്മിനെ നാണം കെടുത്തിയത്.

എന്നാൽ, ഈ പാർട്ടികളുടെ പതനം അവരിൽ മാത്രം ഒതുങ്ങുന്നതല്ല എന്നതാണ് പ്രശ്നത്തിന്റെ മർമം. നീതിപൂർവകവും അഴിമതിമുക്തവുമായ ഒരു ഭരണം പ്രതീക്ഷിച്ചിരുന്ന കേരളത്തിലെ സാധാരണക്കാരുടെ സ്വപ്നമാണ് ഇടതുപാർട്ടികളുടെ അപചയത്തോടെ തകർന്നിരിക്കുന്നത്. താരതമ്യേന വിശുദ്ധമെന്ന് തങ്ങൾ വിശ്വസിച്ചിരുന്ന വിഗ്രഹങ്ങളിൽനിന്ന് അടിമുടി ദുർഗന്ധം വമിക്കുന്ന സാഹചര്യം ജനങ്ങളെ കുറച്ചൊന്നുമല്ല അസ്വസ്ഥരാക്കുന്നതും വേദനിപ്പിക്കുന്നതും. ഇനിയെന്ത്, ഇനിയാര് എന്നതാണ് അവർ ഉയർത്തുന്ന വലിയ ചോദ്യം. ദൈവവിശ്വാസത്തിന്റെ ശക്തമായ നെടുംതൂണില്ലാത്ത ഏതു പ്രസ്ഥാനവും വീണ്ടെടുക്കാനാവാത്തവിധം തകർന്നുതരിപ്പണമാകും എന്ന ചരിത്രസത്യം ആവർത്തിക്കപ്പെടുന്നു.

**കെ.പി ഇസ്മാഈൽ, കണ്ണൂർ**

# അധ്യാപക സമൂഹം ജാഗ്രത കാണിക്കണം

**അനുനിമിഷം** പരിവർത്തനവിധേയമായിക്കൊണ്ടിരിക്കുന്ന ഒരു ലോകത്താണ് നാം ജീവിക്കുന്നത്. പരിവർത്തനം അനുസ്യൂതമായ ഒരു പ്രക്രിയയാണ്. അത് അംഗീകരിക്കുകയും അതിന് വഴിയൊരുക്കുകയും ചെയ്യുന്നത് പുരോഗതിയുടെ പാത സുഗമമാക്കാൻ ആവശ്യമാണ്. ഇന്നലെയുടെ രീതികളും ശൈലികളും മാത്രം അവലംബിക്കുന്നവർ കാലത്തിന്റെ പ്രയാണവും സവിശേഷതകളും ഉൾക്കൊള്ളാൻ കഴിയാതെ പിന്തള്ളപ്പെട്ടുപോകും.

ഭൗതിക ജീവിതത്തിന്റെ എല്ലാ മേഖലകളിലും വമ്പിച്ച മാറ്റങ്ങളാണ് നാം കാണുന്നത്. ജീവിതത്തെ അടിമുടി മാറ്റിമറിക്കുന്ന ശാസ്ത്ര-സാങ്കേതിക വിദ്യകൾ, ബൗദ്ധിക-ചിന്താരംഗങ്ങളെ സ്വാധീനിക്കുന്ന ആശയ-ആദർശ വിപ്ലവങ്ങൾ! കഴിഞ്ഞുപോകുന്ന നിമിഷങ്ങളേക്കാൾ വേഗത്തിലാണ് മാറ്റങ്ങളും പരിവർത്തനങ്ങളും കടന്നുവരുന്നത്.

ഈ മാറ്റങ്ങളെ, ഗുണദോഷവിവേചനത്തോടെ വരുംതലമുറക്ക് പകർന്നുകൊടുക്കേണ്ട മഹത്തായ ഉത്തരവാദിത്വമുള്ളവരാണ് അധ്യാപകർ. ഇന്നലെയുടെ വിജ്ഞാനം മാത്രം കൈമുതലായുള്ള ഒരധ്യാപകന് ഇന്നത്തെ തലമുറയെ നയിക്കാൻ കഴിയുകയില്ല. എം.ബി.ബി.എസ് യോഗ്യതയുള്ള ഒരു ഡോക്ടർക്ക് പഠിച്ച കാലത്തെ അറിവ് മാത്രം ആസ്പദമാക്കി രോഗനിർണയവും ചികിത്സയും സാധ്യമല്ല. ബാർബറും വെപ്പുകാരനും തോട്ടം പണിക്കാരനുമൊക്കെ കാലത്തിന്റെ അഭിരുചി കണക്കിലെടുത്ത് പണിയെടുക്കുന്നു.

ഈ രംഗത്ത് നമ്മുടെ അധ്യാപകർ, പ്രത്യേകിച്ച് കേരളത്തിലെ പ്രീ-പ്രൈമറി മുതൽ ഹൈസ്കൂൾതലം വരെയുള്ള അധ്യാപകർ വളരെ പിന്നിലാണെന്നാണ് വിലയിരുത്തപ്പെടുന്നത്. അതുകൊണ്ടുതന്നെ നമ്മുടെ വിദ്യാഭ്യാസരംഗം കാലത്തിനനുസരിച്ച് ക്ലച്ച് പിടിക്കാതെ പോവുന്നു. ക്ലാസ് മുറിക്കുള്ളിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ലല്ലോ വിദ്യാഭ്യാസം. പാഠപുസ്തകങ്ങളിലെ ഉള്ളടക്കം വിശദീകരിക്കുന്നതുകൊണ്ടുമാത്രം അധ്യാപനം പൂർത്തീകരിക്കപ്പെടുന്നില്ല. ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഈ ഒരു വശത്തോടൊപ്പം അനൗപചാരിക പഠനം നിർവഹിക്കാൻ കൂടി അധ്യാപകർ കുട്ടിയെ പ്രാപ്തനാക്കണം.

ഇന്നത്തെ തലമുറ നേരിടുന്ന മൂല്യശോഷണം അവർ നേടിയ വിദ്യാഭ്യാസത്തിന്റെ പോരായ്മയെയാണ് അനാവരണം ചെയ്യുന്നത്. കൂടുതൽ പഠിക്കാനും കൂടുതൽ ചിന്തിക്കാനും അതനുസരിച്ച് കർമരംഗം ചിട്ടപ്പെടുത്താനും പുതിയ തലമുറയെ സജ്ജമാക്കുകയാണ് അധ്യാപകന്റെ ബാധ്യത. ഒഴുക്കിനെതിരെ നീന്താൻ കെൽപുള്ള അധ്യാപകർക്കുമാത്രമേ പുതിയ തലമുറയെ നേർമാർഗത്തിൽ നയിക്കാൻ കഴിയുകയുള്ളൂ. അധാർമികതകളുടെ ദുർഗന്ധം ശ്വസിച്ചുകൊണ്ടാണ് കുട്ടികൾ വളർന്നുവരുന്നത്. രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കോ ഭരണകൂടങ്ങൾക്കോ കലാ സാഹിത്യ പ്രവർത്തകർക്കോ ഈ അന്തരീക്ഷം നന്നാക്കാൻ കഴിയുന്നില്ല. ഇവിടെയാണ് അധ്യാപകന്റെ ഉത്തരവാദിത്വം വർധിക്കുന്നത്. നാളത്തെ സമൂഹത്തിന്റെ സൃഷ്ടി ക്ലാസ് മുറികളിലാണ് നടക്കേണ്ടത്. പാഠ്യപദ്ധതിയുടെ ചട്ടക്കൂടിൽ മാത്രം ഒതുങ്ങിനിൽക്കാതെ മൂല്യബോധവും സാമൂഹിക പ്രതിബദ്ധതയും നന്മയുടെ മനസ്സുമുള്ള ഭാവിപൗരന്മാരെ വാർത്തെടുക്കുന്നതിൽ നിതാന്തജാഗ്രത പാലിക്കാൻ അധ്യാപകസമൂഹം തയാറാകണം. വളരുന്ന തലമുറയെ നന്മയുടെ വക്താക്കളും തിന്മയുടെ വിരോധികളുമാക്കി മാറ്റാൻ കഴിഞ്ഞെങ്കിൽ മാത്രമേ ഉത്തമസമൂഹത്തിന്റെ സൃഷ്ടി സാധ്യമാവുകയുള്ളൂ. ഇതിൽ അധ്യാപകർക്ക് പ്രധാന പങ്കുവഹിക്കാൻ കഴിയും. ഇതൊരു ദൈവിക കൽപന എന്ന നിലയിൽ ഏറ്റെടുക്കാനുള്ള പ്രതിജ്ഞയും കർമാവിഷ്കാരവുമാണ് അധ്യാപകദിനം കടന്നുവരുമ്പോൾ അധ്യാപകസമൂഹത്തിൽനിന്നുണ്ടാകേണ്ടത്.

**പി.എ.എം അബ്ദുൽഖാദിർ,**
**തിരൂർക്കാട്**

# എല്ലാ രീതികളും പരീക്ഷിക്കപ്പെടട്ടെ

**ഇസ്‌ലാമിക**പ്രസ്ഥാനത്തിന് ദീർഘകാലം അന്യമായിരുന്നു ദൃശ്യ മാധ്യമരംഗം. എൺപതുകളിൽ ഉമർ മുഖ്താറും അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിൽ വന്നെത്തുന്ന ഇറാനിയൻ സിനിമകളും നമ്മുടെ മനം കുളിർപ്പിച്ചു. പക്ഷേ, അപ്പോഴൊക്കെയും ഈ രംഗത്ത് എന്തെങ്കിലും ചെയ്യാൻ കഴിയുന്നവർ സ്വയം ചുരുണ്ടു കൂടുകയോ അഭിനവ ബുദ്ധിജീവികളുടെ വാക്ശരങ്ങളേറ്റ് കുഴഞ്ഞുവീഴുകയോ ചെയ്തു. തീർത്തും ശൂന്യമായ ഈ രംഗത്ത് പ്രാസ്ഥാനിക ചിന്തയുടെ തണലിൽനിന്ന് സലാം കൊടിയത്തൂർ രചിച്ച നാടകങ്ങളും ടെലി സിനിമകളും ശ്രദ്ധിക്കപ്പെടുകയും അവ സാധാരണക്കാർക്കിടയിലും ഇതര ചിന്താധാരകളിലും ഇടം പിടിക്കുകയും ചെയ്തു. മഞ്ചേരി ഭാഗത്തുള്ള ഒരു പള്ളിയിൽ വുദു എടുക്കുമ്പോൾ ആ പള്ളിയിലെ മുസ്‌ലിയാരും കാരണവന്മാരും ഈ 'ജമാഅത്ത് സിനിമ'കളുടെ സാമൂഹിക ഇടപെടലുകളെ അനുകൂലിച്ചും പ്രതികൂലിച്ചും സംസാരിച്ച അനുഭവം ഓർക്കുന്നു.

ടെലിസിനിമകളിൽ സ്ഖലിതങ്ങൾ ഉണ്ടെങ്കിൽ സ്നേഹ ബുദ്ധ്യാ ഉപദേശിക്കുകയും നിരൂപണം ചെയ്യുകയുമാണ് വേണ്ടത്. സലാം കൊടിയത്തൂരിന് കഴിയുന്ന മേഖലയിൽ അദ്ദേഹം ഇനിയും ചെയ്യട്ടെ. മറ്റു രീതികളിലാണ് വേണ്ടതെന്ന് അഭിപ്രായമുള്ളവർ അതിനും മുൻകൈ എടുക്കട്ടെ. പ്രേക്ഷകർ കൊതിക്കുന്ന തരത്തിലെല്ലാം ഇസ്‌ലാമിക ചിന്താസരണി മുൻനിർത്തി നാടകങ്ങളും സിനിമകളും ഉണ്ടാവണം. പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ പോയി പഠിച്ചു വന്നതിനു ശേഷമേ ചെയ്യൂ എന്നു വാശിയുള്ളവർ അങ്ങനെയും ആകാം. വ്യക്തിനിഷ്ഠമായ നിരൂപണങ്ങളും ശകാര ലേഖനങ്ങളും മാറ്റിനിർത്തി പരസ്പര ബഹുമാനത്തിലും ഇസ്‌ലാമിക സാഹോദര്യത്തിലും പങ്കുവെക്കപ്പെടുന്ന ഒരു മനസ്സ് നമുക്കുണ്ടാവണം.

**അബൂനാദിർ, ചേന്ദമംഗല്ലൂർ**

# തുടർനീക്കങ്ങൾ ചലനമുണ്ടാക്കുമോ?

**'മഅ്ദനിയും** മാറിയ രാഷ്ട്രീയ സാഹചര്യവും' എന്ന ലേഖനം (ലക്കം 11) ശ്രദ്ധേയമായി. പിടിച്ചുകൊടുത്തത് നായനാർ സർക്കാരാണെന്നു പറഞ്ഞ് യു.ഡി.എഫും എ.കെ ആന്റണി പരോൾ നിഷേധിച്ച കാര്യം ചൂണ്ടിക്കാട്ടി എൽ.ഡി.എഫും മഅ്ദനിയെ വെച്ച് ആവുംവിധം നേട്ടമുണ്ടാക്കി എന്നതാണ് യാഥാർഥ്യം.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ലഭിച്ച പി.ഡി.പി പിന്തുണ ഇനിയും ലഭിക്കുമെന്നാണ് സി.പി.എമ്മിന്റെ പ്രതീക്ഷ. ന്യൂനപക്ഷ വോട്ടുകൾ തങ്ങളുടെ കൈകളിലാണെന്ന് കരുതുന്നവരാകട്ടെ മഅ്ദനിയുടെ ആഗമനം ഭയപ്പാടോടെയാണ് കാണുന്നത്.

പക്വതയോടെയും സൂക്ഷ്മതയോടെയും മഅ്ദനി തുടർനീക്കങ്ങൾ നടത്തുകയാണെങ്കിൽ അത് കേരള രാഷ്ട്രീയത്തിൽ, പ്രത്യേകിച്ച് മുസ്‌ലിം രാഷ്ട്രീയത്തിൽ ചലനമുണ്ടാക്കുമെന്നുറപ്പാണ്.

**കെ. സ്വലാഹുദ്ദീൻ, ചെമ്പഴന്തി**

# വെറും കോമഡിയായി തള്ളാമോ?

**ഹിന്ദി** ആൽബങ്ങളെ അനുകരിച്ചുകൊണ്ട് മലയാളികൾക്കിടയിൽ ഈയിടെ പടർന്നുപിടിച്ച മ്യൂസിക് ആൽബസംസ്കാരത്തിന് തുടക്കമിട്ടത് ഈസ്റ്റ്കോസ്റ്റ് വിജയന്റെ 'മിദാദ്', 'ജദീദ്' ആൽബങ്ങളാണ്. തുടക്കത്തിൽ ഈ ആൽബങ്ങൾപോലും പുലർത്തിയിരുന്ന അതിർവരമ്പുകൾ ക്രമേണ ലംഘിക്കപ്പെടുകയും ഹിന്ദി ആൽബങ്ങളുമായി മത്സരിക്കുന്ന ആൽബങ്ങൾ രംഗം കൈയടക്കുകയും ചെയ്തു. മസാലച്ചേരുവകളുടെ അകമ്പടിയോടെ മാപ്പിളപ്പാട്ട് ആൽബങ്ങൾ മലയാളി മുസ്‌ലിം വീട്ടകങ്ങളിൽ സ്ഥാനം പിടിച്ചു.

ഈ പശ്ചാത്തലത്തിലാണ് മലയാളി മുസ്‌ലിം സമൂഹത്തിന് പൊതുവെ അപരിചിതമായിരുന്ന ടെലിഫിലിം എന്ന ആശയവുമായി സലാം കൊടിയത്തൂർ രംഗത്തുവരുന്നത്. നാടകക്കാരനായിരുന്ന അദ്ദേഹത്തിന്റെ 'നിങ്ങളെന്നെ ഭ്രാന്തനാക്കി' എന്ന നാടകത്തിന് അഭ്രാവിഷ്കാരം നൽകിയായിരുന്നു തുടക്കം. ശ്രദ്ധിക്കപ്പെടാതെ പോയ ഈ ടെലിഫിലിമിനു ശേഷം 'വരനെ വിൽക്കാനുണ്ട്' 'പരേതൻ തിരിച്ചുവരുന്നു' തുടങ്ങിയ ശക്തമായ പ്രമേയങ്ങളുൾക്കൊള്ളുന്ന ടെലിഫിലിമുകൾ പുറത്തുവന്നു. സാങ്കേതിക മികവ് അവകാശപ്പെടാനാവില്ലെങ്കിലും അവ ആശയതലത്തിൽ പുതിയൊരു സംവേദനരീതി സമർപ്പിക്കുന്നതിൽ വിജയിച്ചു.

തിയേറ്ററുകളിൽനിന്ന് വിട്ടുനിന്നിരുന്ന മലബാറിലെ വലിയൊരു വിഭാഗം സാധാരണക്കാരെ സ്വാധീനിക്കാൻ അദ്ദേഹത്തിന്റെ സിനിമകൾക്ക് സാധിച്ചിട്ടുണ്ട്. വിലകുറഞ്ഞ കോമഡി എന്ന് പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും കോമഡികൾക്കിടയിലെ 'സീരിയസ്' കാണാതിരുന്നുകൂടാ. സ്ത്രീധനത്തെയും വിവാഹരംഗത്തെ അനാചാരങ്ങളെയും തുറന്നെതിർക്കുന്ന 'വരനെ വിൽക്കാനുണ്ട്' പോലുള്ളവ എങ്ങനെ കോമഡിയായി തള്ളിക്കളയും?

**മുനീർ മങ്കട**

## ▪ ചുരുക്കെഴുത്ത്

**അബ്ദുൽഹകീം** കൊല്ലവുമായുള്ള സംഭാഷണം ഹൃദ്യമായ വായനാനുഭവമായിരുന്നു. ഖുർആൻ പഠിക്കാൻ ആഗ്രഹിച്ച ഗിരിജ, മകളെ പഠിപ്പിക്കാൻ ഉത്സാഹം കാണിച്ച അഛൻ. ഖുർആൻ പഠനത്തിന് ഇവർ പ്രകടിപ്പിച്ച താൽപര്യം ഇന്നത്തെ മുസ്‌ലിം സമുദായം കാണിച്ചിരുന്നെങ്കിൽ!

**ശംസുദ്ദീൻ, കണ്ണൂർ**